ഗുരുവായൂർ ദേവസ്വം ഓഫീസ്,
ഗുരുവായൂർ,തീയതി. 02.12.2007.

<u>അറിയിപ്പ്</u>

ബഹു. ഗുരുവായൂർ ദേവസ്വം ഭരണസമിതി, ഗുരുവായൂർ ക്ഷേത്രത്തിൽ പശുക്കളെ നടയിരുത്തുന്നതു സംബന്ധിച്ച് 06.11.07ലെ യോഗത്തിൽ തീരുമാനമായ കാര്യങ്ങൾ അറിയിക്കുന്നു.

1) ഗുരുവായൂർ ക്ഷേത്രത്തിൽ പശുക്കളെയും, കിടാങ്ങളേയും സമർപ്പിക്കുവാൻ ദേവസ്വത്തിലെ ബന്ധപ്പെട്ട അധികാരികളുടെ മുൻകൂട്ടിയുള്ള അനുമതി ആവശ്യമാണ്.
2) ദേവസ്വം വെറ്ററിനറി ഓഫീസർ പരിശോധിച്ച് തൃപ്തികരമായാൽ മാത്രമേ ഗോക്കളെ സ്വീകരിക്കുകയുള്ളു.
3) 7 വയസ്സിനു മേൽ പ്രായമുള്ള പശുക്കളെ നടയിരുത്തുവാൻ പാടുള്ളതല്ല.
4) രോഗമോ, അംഗവൈകല്യമോ ഉള്ള ഗോക്കളേയും കിടാങ്ങളേയും സ്വീകരിക്കുന്നതല്ല.
5) നടയിരുത്തുന്ന പശുവിനും, കിടാവിനും വെറ്ററിനറി സർജൻെറ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ഉണ്ടായിരിക്കണം.
6) കറവയുള്ള പശുവിനേയും, കിടാവിനേയും വഴിവാട് ചെയ്യുന്നത് നന്നായിരിക്കും.
7) കുട്ടികളില്ലാത്ത കറവപ്പശുക്കളെ സ്വീകരിക്കുന്നതല്ല.
8) കറവയുള്ള പശുക്കളുടെ കൂടെ അല്ലാതെ കുട്ടികളെ മാത്രമായി നടയിരുത്തുവാൻ അനുവദിക്കുന്നതല്ല.

ഒപ്പ്
അഡ്മിനിസ്ട്രേറ്റർ